# INDIAN SCHOOL, AL GHUBRA

## PRACTICE EXAM [2013-2014]

## CLASS: X – MALAYALAM 2ND LANGUAGE

## മലയാളം

Time allowed: 3 hrs | M.Marks: 90

*അനുവദിച്ച സമയം: 3 മണിക്കൂർ* | *ആകെ മാർക്ക്: 90*

*General Instructions:*

- Please check that this question paper contains 4 printed pages.
- Please check that this question paper contains 8 questions
- Please write down the Serial Number of the question before attempting it.
- The Question Paper is divided in to four sections:-

| | | |
|---|---|---|
| Section | A:Reading Comprehension | – 10 marks |
| Section | B:Writing | – 14 marks |
| Section | C:Grammar | – 18 marks |
| Section | D: Literature | – 48 marks |

### SECTION-A/ എ. വിഭാഗം (10 Marks)

1. ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

സർവോദയം എന്നാൽ എല്ലാവരുടെയും ക്ഷേമം എന്നർത്ഥം. അതായത് വർഗ്ഗീയവിഭാഗീയചിന്താഗതികളൊന്നും കൂടാതെ സർവജനങ്ങളുടെയും ക്ഷേമം. ഈ പ്രസ്ഥാനത്തിൻെറ ജനയിതാവ് മഹാത്മാഗാന്ധിയും പരിപോഷകൻ വിനോബാഭാവെയുമാണ്. എല്ലാവിധ ചൂഷണങ്ങളിൽ നിന്നും ജനങ്ങളെ ഒഴിവാക്കത്തക്കവണ്ണം ഒരു സമൂഹം കെട്ടിപ്പടുക്കുക എന്നതാണ് ഈ പ്രസ്ഥാനത്തിൻെറ മുഖ്യലക്ഷ്യം. ഭരിക്കുക എന്നതിനേക്കാൾ സേവിക്കുക എന്നതാണ് അവരുടെ നയം. സർവോദയസമൂഹം സമത്വത്തിലും സ്വാതന്ത്ര്യത്തിലും സാഹോദര്യത്തിലും അധിഷ്ഠിതമായിരിക്കും. അവിടെ ആരോഗ്യകരമല്ലാത്ത മത്സരത്തിനു സ്ഥാനമില്ല.

(i) സർവോദയപ്രസ്ഥാനത്തിൻെറ മുഖ്യലക്ഷ്യമെന്ത്? 2

(ii) 'സർവോദയം' എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നതെന്ത്? 2

(iii) സർവോദയസമൂഹത്തിൻെറ നയമെന്ത്? 2

(iv) സർവോദയപ്രസ്ഥാനത്തിൻെറ ജനയിതാവ് ആര്? 2

(v) ഈ ഖണ്ഡികയ്ക്ക് ഉചിതമായ ഒരു ശീർഷകം നൽകുക. 2

### SECTION-B/ ബി. വിഭാഗം (14 Marks)

2. (i) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക: 7

(a) മാധ്യമങ്ങൾക്ക് ആധുനികയുഗത്തിലുള്ള പ്രാധാന്യം

(b) ലഹരിവസ്തുക്കളും പുതുതലമുറയും

(c) വനസംരക്ഷണത്തിൻെറ പ്രാധാന്യം

(ii) കേരളത്തിൽ തകർന്നുകിടക്കുന്ന റോഡുകളുടെ അറ്റകുറ്റപ്പണി എത്രയും വേഗം നടത്തണമെന്ന് ആവശ്യപ്പെട്ട് പൊതുമരാമത്തുവകുപ്പുമന്ത്രിക്ക് ഒരു കത്തു തയ്യാറക്കുക 7

## SECTION-C/ സി. വിഭാഗം (18 Marks)

3. (a) പ്രയോഗം മാറ്റുക 1
ഗാന്ധിജി കർമ്മത്തെ ദൈവമായിക്കണ്ടു.

(b) അർത്ഥവ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക. 1
ഓഫീസറുമായി വർഷങ്ങൾക്കുമുമ്പ് ഏതാനും നാളത്തെ പരിചയമുണ്ട്.

(c) അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക 1
യന്ത്രയുഗത്തിനു താൻ എതിരാണെന്നു പറയുന്നത് തന്റെ അഭിപ്രായങ്ങളെ വികൃതമാക്കലാണെന്നു ഗാന്ധിജി പറഞ്ഞു.

(d) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക 1
പ്രകൃതി മനുഷ്യജീവികളായ നമുക്കു നൽകിയ ആ അനുഗ്രഹത്തെ നാം വെറുതെ പാഴാക്കിക്കളയുന്ന കുറ്റത്തിന്, നമ്മുടെ മേൽ ഘോരഭയങ്കരമായ പ്രതികാരം ചെയ്യുന്നുണ്ട്.

4. ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക.

(a) പര്യായപദങ്ങൾ എടുത്തെഴുതുക (2 x 1 = 2)

(i) ഇല
(ചരണം, പത്രം, വർണ്ണം, പർണ്ണം)

(ii) വിശപ്പ്
(ബുഭുക്ഷ, പിപാസ, ക്ഷുത്ത്, കൂർപ്പാസം)

(b) നാനാർത്ഥപദങ്ങൾ എടുത്തെഴുതുക (2 x 1 = 2)

(i) കരം
(അഹങ്കാരം, ശീർഷം, നികുതി, കൈ)

(ii) മാനം
(വികാസം, ആകാശം, അപൂർവം, അഭിമാനം)

(c) വിപരീതപദം എഴുതുക (2 x 1 = 2)

(i) ഉച്ചം
(ഉറക്കെ, ദോഷം, നീചം, അനുച്ചം)

(ii) ഗൗരവം
(സഗൗരവം, ലോഭം, ലാഘവം, നീരദം)

(d) പദങ്ങളുടെ അർത്ഥവ്യത്യാസം എടുത്തെഴുതുക (2 x 1 = 2)

(i) താരം–താര്
(നാണം, നക്ഷത്രം, പൂവ്, മനോഹരം)

(ii) വിളംബം–വിളംബരം
(പ്രഖ്യാപനം, നെറ്റി, താമസം, ഗുരുതരം)

(e) എതിർലിംഗം എഴുതുക (2 x 1 = 2)

(i) പൗരി

(പുരൻ, പൗരാണി, പൗര, പൗരൻ)

(ii) കവി

(കവിയത്രി, കവയിത്രി, കവൻ, കവിയിത്രി)

5. (a) പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക (2 x 1 = 2)

(i) മിഥ്യയല്ല

(ii) പൂർവാപരം

(b) വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക (2 x 1 = 2)

(i) യന്ത്രവിരോധം

(ii) നിരുപമം

## SECTION-D/ ഡി. വിഭാഗം ( 48 Marks)

6. (a) ഉത്തരമെഴുതുക

(i) വേലയെപ്പറ്റി ഭൂമിയിൽ മനുഷ്യനുച്ചരിച്ച വാക്കുകളിൽ വച്ച് ഏറ്റവും മഹനീയമായവ ഗാന്ധിജിയാണു പറഞ്ഞത്. – വ്യക്തമാക്കുക 4

(ii) ഗാന്ധിസത്തെപ്പറ്റി ലേഖകൻെറ അഭിപ്രായമെന്ത്? 4

(iii) "കൊണ്ടു പോകൂ... മിസ്റ്റർ, നിങ്ങളുടെ പതിവ്." – കഥാനായകൻ ഇങ്ങനെ പറയാനുള്ള സാഹചര്യമെന്ത്? 4

(iv) "ഇവിടെ എത്തിയാൽ അയാൾക്കും സാക്ഷികൾക്കും ഒന്നേ ചെയ്തുതീർക്കാനുള്ളൂ." – എന്ത്? 4

(b) (i) കവി കണ്ണുകളോടു പറയാൻ ആഗ്രഹിക്കുന്നതെന്ത്? 4

(ii) യേശുദേവൻെറ രൂപത്തെയും വിളക്കുകളുടെ പ്രകാശത്തെയും കവി എങ്ങനെ താരതമ്യം ചെയ്യുന്നു? 4

(iii) ഗ്രാമത്തിലെ വീട്ടിലെത്തിയപ്പോൾ കവിയ്ക്കു ലഭിച്ച സന്തോഷം നിറഞ്ഞ അനുഭവങ്ങൾ വിശദമാക്കുക. 4

(iv) ശീമോൻെറ പ്രവൃത്തിയെ 'പ്രമാദം' എന്ന വാക്കു കൊണ്ട് കവി വിശേഷിപ്പിക്കാൻ കാരണം എന്തായിരിക്കാം? 4

7. ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക. (8 x ½ = 4)

(a) ഗാന്ധിജിയുടെ സിദ്ധാന്തങ്ങളുടെയും അഭിപ്രായങ്ങളുടെയും ആദ്യത്തെ കൈപ്പകർപ്പാണ്

(ഹരിജൻ, യങ് ഇന്ത്യ, ഹിന്ദ് സ്വരാജ്, ഖാദി)

(b) മനസ്സ് ശവപ്പറമ്പയിരിക്കുന്നു. – കാരണം

(അന്വേഷണം, തൊഴിൽഭാരം, യാത്രാക്ഷീണം, കുടുംബക്ലേശം)

(c) കൊൾവിനതൊന്നുമാത്ര –
മുൽപത്തിയും വംശവുമാരുകണ്ടു? – കൊള്ളേണ്ടതെന്ത്?
(സ്നേഹം, ശക്തി, ദയ, ഗുണം)

(d) ഉറങ്ങുന്ന കുഞ്ഞിൻെറ കൺപോളകളിൽ കവി ദർശിച്ചത്
(സ്മിതം, കുളിർ, സംശുദ്ധി, ശോണച്ഛായ)

(e) 'മഗ്ദലനമറിയ'ത്തിൻെറ കർത്താവ്
(കുമാരനാശാൻ, വള്ളത്തോൾ, ഉള്ളൂർ, കെ.സി.കേശവപിള്ള)

(f) "അത് കാരിരുമ്പിൻെറ നിറമുള്ള, ഘനമുള്ള കൂർത്ത ഒരു പാറക്കല്ലായി മാറുന്നു." – ഏത്?
(കൈക്കൂലി, അനുകമ്പ, ലൈസൻസ്, ഫയൽ)

(g) ഉള്ളൂരിൻെറ കൃതിയേത്?
(മഗ്ദലനമറിയം, നളിനി, തരംഗിണി, ലീല)

(h) ഉരൽക്കുറ്റിപോലെ അനങ്ങാത്തതും വളരാത്തതുമായ ഒരു സാധനമല്ല –
(യന്ത്രലഘൂകരണം, ഗാന്ധിസം, കർമ്മം, യന്ത്രവിരോധം)

8. ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (2 x 6 = 12)

(a) "അപ്പുവിൻെറ യുഗം ഇവിടെ തുടങ്ങുകയായി." എന്ന പ്രസ്താവനയ്ക്കാധാരമായ കാര്യങ്ങൾ വിശദീകരിക്കുക

(b) "അപ്പുവിൻെറ മനസ്സിൽ അദ്ഭുതത്തിൻെറ ലോകം വിടരുകയാണ്." എന്തെല്ലാം അദ്ഭുതങ്ങളാണ് അപ്പുവിനു മനസ്സിലാക്കാൻ കഴിഞ്ഞത്?

(e) "ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ കണ്ടുപിടിത്തം എന്നു ഡോക്ടർമാർ വിശേഷിപ്പിച്ചതെന്ത്?

*Prepared by: Dr. Jitheesh,*
*Dept. Malayalam (HOD), Indian School, Al Ghubra.Sultanate of Oman.*
*e mail; jitheesh2003@yahoo.co.in*